# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2013 | 16.08.2017 - ൽ മറുപടിയ്ക്ക് |
|---|---|

### ജി.എസ്.ടിയുടെ നേട്ടം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.അബ്ദുൽ ഹമീദ് പി. | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി നടപ്പിലാക്കിയതിനു ശേഷം നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ട പല ഉത്പന്നങ്ങൾക്കും വില കുറഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ജി.എസ്.ടി യുടെ പ്രാരംഭഘട്ടത്തിൽ നീക്കിയിരിപ്പ് സാധനങ്ങളുടെ വിലയുമായി ബന്ധപ്പെട്ട് ചില അവ്യക്തതകൾ രാജ്യമൊട്ടുക്കും നിലനിന്നിരുന്നു. ഇതിന്മേൽ നല്കിയ നികുതിയിലും ഇൻപുട്ട് ടാക്സ് ലഭ്യമാകുമെന്നും അതിനു സ്വീകരിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ചും വ്യാപാരികളെ ഉത്ബുദ്ധരാക്കാനുള്ള നടപടികൾ കേന്ദ്രവും സംസ്ഥാനങ്ങളും നടത്തി വരുന്നു. പ്രാരംഭഘട്ടത്തിലെ അവ്യക്തതകൾ മാറുമ്പോൾ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ പ്രയോജനവും മൊത്തം നികുതി നിരക്കിൽ വന്നിട്ടുള്ള വ്യതിയാനവും കണക്കിലെടുത്ത് മിക്ക അവശ്യ സാധനങ്ങൾക്കും വിലക്കുറവ് ഉണ്ടാകാനാണ് സാധ്യത. ഇത് വരും മാസങ്ങളിൽ പ്രകടമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇല്ലെങ്കിൽ കാരണക്കാർക്കെതിരെ നടപടിയെടുക്കുന്നതിന് Anti- Profiteering Authority എത്രയും പെട്ടെന്ന് രൂപീകരിച്ച് തുടർനടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | ജി.എസ്.ടിയുടെ നേട്ടം പൊതുജനങ്ങളിൽ എത്തിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ? | (ബി) | ജി.എസ്.ടി നിയമത്തിൽ വകുപ്പ് 171 പ്രകാരം Anti- Profiteering Authority രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. വിതരണം ചെയ്യുന്ന സാധനസേവനങ്ങളുടെ നികുതി നിരക്കിലെ കുറവിന്റെയും സ്വീകർത്താവിന് ലഭിക്കുന്ന ഇൻപുട്ട് |

| | | | |
|---|---|---|---|
| | | | ടാക്സ് ക്രെഡിറ്റിന്റെയും ആനുപാതികമായ ഗുണം ഉപഭോക്താവിന് വിലക്കുറവിലൂടെ ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിക്കുകയാണ് മേല്പറഞ്ഞ അതോറിറ്റിയുടെ ലക്ഷ്യം. ഒരു ചെയർമാനും നാല് ടെക്നിക്കൽ അംഗങ്ങളും ചേർന്നതാണ് ഈ അതോറിറ്റി. ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുകൂല്യവും അതിനനുസരിച്ചുള്ള വിലക്കുറവും ഉപഭോക്താവിനു നൽകിയില്ലെങ്കിൽ ആ ആനുപാതികമായ തുക വില്പന നടന്ന ദിവസം മുതൽ മടക്കിക്കൊടുക്കുന്ന ദിവസം വരെ 18% പലിശ നിരക്കിൽ നൽകാൻ ഉത്തരവിടാനുള്ള അധികാരം അതോറിറ്റിക്കുണ്ട്. ഇതിനുപുറമേ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാനും പിഴ ചുമത്താനുമുള്ള അധികാരവും അതോറിറ്റിക്കുണ്ട്. ഇതിനുവേണ്ടി ഒരു സംസ്ഥാനതല സ്ക്രീനിംഗ് കമ്മിറ്റിയെ നിയമിക്കേണ്ടതുണ്ട്. സ്ക്രീനിംഗ് കമ്മിറ്റിക്കു ലഭിക്കുന്ന പരാതികൾ പരിശോധിക്കുകയും പരാതി ശരിയാണെന്ന് ബോധ്യപ്പെടുന്ന പക്ഷം നടപടി സ്വീകരിക്കുന്നതിന് അതോറിറ്റി മുമ്പാകെ ശുപാർശയോടുകൂടി സമർപ്പിക്കുന്നതുമാണ്. വ്യാപാരികൾക്കും പൊതുജനങ്ങൾക്കും ജി.എസ്.ടി നിയമത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനായി കേരളത്തിലുടനീളം വിവിധ പദ്ധതികളും നിരവധി ബോധവൽക്കരണ ക്ലാസുകളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**